18084
17/8/14

**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും 2016-17-ലെ ബോണസ്/ പ്രത്യേക ഉത്സവബത്ത - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ ( ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം.107/2017/ധന    തിരുവനന്തപുരം,തീയതി 16/08/2017**

പരാമർശം:- 01.09.2016-ലെ സ.ഉ.(അച്ചടി) നമ്പർ 130/16/ധനം.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് / മറ്റ് വിഭാഗത്തിലുള്ള ജീവനക്കാർക്കും ബോണസ്/ പ്രത്യേക ഉത്സവബത്ത നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

## ബോണസ്

**2.** സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിലവിൽ പ്രാബല്യത്തിലുള്ള ശമ്പള സ്കെയിലുകളിൽ പരിഷ്കരണത്തിനുശേഷം 31.03.2017-ൽ 24,000/- രൂപയോ അതിൽ കുറവോ, പരിഷ്കരണത്തിനു മുമ്പ് 31.03.2017-ൽ 23,000/- രൂപയോ അതിൽ കുറവോ "ആകെ വേതനം", കൈപ്പറ്റുന്ന സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും (മന്ത്രിമാരുടെയും. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെ) സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഓഫീസർമാർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെയും ലോക്കൽ ബോഡികളിലെയും ജീവനക്കാർക്കും 2016-17 ലെ ബോണസ് 4,000/- രൂപ നിരക്കിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, വരുന്ന ഓണത്തിനു മുമ്പായി നൽകുന്നതാണ്.

i. പ്രതിമാസം 4,000/- രൂപയിൽ അധികവും എന്നാൽ 24,000/- (പുതിയ സ്കെയിൽ) 23,000/- (പഴയ സ്കെയിൽ) രൂപയിൽ അധികരിക്കാത്തതുമായ

" ആകെ വേതനം" കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 4,000/- രൂപ എന്ന തോതിൽ ബോണസ് കണക്കുകൂട്ടേണ്ടതാണ്. 31.03.2017-നോ അതിനുമുമ്പോ പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ " ആകെ വേതനം", എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 14% ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കുന്നതാണ്.

ii. പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നത് മേൽ ഖണ്ഡിക (i) ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 109% ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കിയതുമാണ്.

iii. പ്രത്യേക വേതനത്തിന്റെ ( Special Pay) ക്ഷാമബത്തയിലുള്ള കുറവ് സംരക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വ്യക്തിഗത ബത്തയും ഇത്തരം കേസുകളിൽ ബോണസിന് കണക്കാക്കുന്ന ആകെ വേതനത്തിൽ ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

iv. മാർച്ച് 2017-ൽ പഠന അവധി, അർദ്ധ വേതനാവധി, ശൂന്യവേതനാവധി ( KSR Appendix XII പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെ), മുൻകൂർ അവധി എന്നിങ്ങനെയുള്ള അവധിയിലായിരുന്ന ജീവനക്കാരുടെ ബോണസ്, അത്തരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് വാങ്ങിയ വേതനത്തെ അടിസ്ഥാനമാക്കിയായിരിക്കും കണക്കാക്കുന്നത്.

v. 26.04.2017-ലെ സ.ഉ.(അച്ചടി) നമ്പർ 55/2017/ധനം ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്ത നിരക്ക് ആയിരിക്കും ഈ ഉത്തരവിലെ ബോണസ് തുക നിർണയത്തിന് പരിഗണിക്കുന്നതിനായി ബാധകമാക്കിയിട്ടുള്ളത്.

**3.** 31.03.2017-ൽ സർവ്വീസിലുള്ളതും, 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവീസുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 31.03.2017-നോ അതിനുമുമ്പോ സർവ്വീസിൽ നിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ബോണസ് / ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**4.** 2016-17 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ

സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനു മുമ്പോ സർവീസിൽ പുന:പ്രവേശിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

## 5. താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാരും ബോണസിന് അർഹരാണ്.

i) കൃഷി ഫാമുകൾ/ സീഡ് ഫാമുകൾ/റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ, സ്ഥിരം ജോലിക്കാർ/തൊഴിലാളികൾ, സീസണൽ വർക്കർമാർ എന്നിവർ. (വേരിയബിൾ ക്ഷാമബത്ത വാങ്ങുന്ന ജീവനക്കാരുടെ കാര്യത്തിൽ ബോണസ് കണക്കാക്കുന്നതിന് വേരിയബിൾ ക്ഷാമബത്തയും പരിഗണിക്കേണ്ടതാണ്).

ii) 31.03.2017-ൽ സർവ്വീസിലുണ്ടായിരിക്കുകയും 2016-17 സാമ്പത്തിക വർഷത്തിൽ 6 മാസത്തിൽ കുറയാത്ത തുടർച്ചയായ സേവനം ഉണ്ടായിരിക്കുകയും സേവന ഇടവേള വരാതെ പി.എസ്.സി. മുഖേന റഗുലർ നിയമനം ലഭിച്ച പ്രൊവിഷണൽ ജീവനക്കാരും/ സർക്കാർ സ്കൂളിലേയ്ക്ക് റഗുലർ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപകരും.

iii) ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം അധ്യാപകർ.

iv) അന്യത്ര സേവന വ്യവസ്ഥയിൽ കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ 2016-17 വർഷത്തിൽ മാതൃവകുപ്പിൽ 6 മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന്/ ഉത്സവബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 3-ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി അവർ മാതൃവകുപ്പിൽ ജോലിയിൽ തുടർന്നിരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ ഫോറിൻ എംപ്ലോയർ, ബോണസ്/ ഉത്സവബത്ത പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

v) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ജോലി നോക്കുന്ന എല്ലാ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരും.

vi) സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം മറ്റു സർക്കാർ

ജീവനക്കാർക്ക് അനുവദനീയമായ ബോണസ് വാങ്ങുന്നതിനോ അല്ലെങ്കിൽ വ്യാവസായിക തൊഴിലാളികൾക്ക് സാധാരണ അനുവദിച്ചിട്ടുള്ള പെർഫോമൻസ് അലവൻസ് (എക്സ്ഗ്രേഷ്യാ അലവൻസ് ഉൾപ്പെടെയുള്ള) വാങ്ങുന്നതിനോ ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ഒരു ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരന് ടി ഓപ്ഷൻ മാറ്റുവാൻ അനുവാദം നൽകുന്നതല്ല.

<u>പ്രത്യേക ഉത്സവബത്ത</u>

**6. ബോണസിന് അർഹരല്ലാത്ത താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 2,750/-രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i) 2 മുതൽ 5 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിന് യോഗ്യരല്ലാതാകുന്ന ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ii) കഴിഞ്ഞ വർഷം ഓണാവധിക്കുശേഷം ജോലിയിൽ പ്രവേശിച്ച മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെയുള്ള എല്ലാ റഗുലർ / താൽക്കാലിക ജീവനക്കാർ, ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവ്വീസിലുള്ളവർ, 2017-ലെ നാലാം ഓണത്തിനുമുമ്പ് പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ.

iii) കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ ആർട്ടിക്കിൾ 250 പ്രകാരം ഓണം അഡ്വാൻസിന് അർഹരായിട്ടുള്ള എയ്ഡഡ്/ സർക്കാർ സ്കൂളുകളിൽ നിന്നും ട്രെയിനിംഗിനു നിയോഗിച്ചിരിക്കുന്ന അധ്യാപകർ.

iv) റീ എംപ്ലോയ്ഡ് പെൻഷണർമാർ

v) കരാറടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർ, കരാർ/ നിർബന്ധിത സേവനം വഴി നിയമിതരായ സീനിയർ റസിഡന്റുമാർ ( Doctors in bonded Service) എന്നിവർ 2016-17 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവ്വീസ് പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കു മുൻപേ വിടുതൽ ചെയ്താലും ആനുകൂല്യത്തിന് അർഹതയുണ്ട്. ഉത്തരവ് നിലവിൽ വന്ന തീയതിയിൽ സർവ്വീസിലുള്ള കരാറടിസ്ഥാന ജീവനക്കാരും

ഉത്സവബത്തയ്ക്ക് അർഹരാണ്.

vi) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിനുമുമ്പ് (03.09.2017) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനുമുമ്പ് (06.09.2017) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ പ്രത്യേക ഉത്സവബത്തയ്ക്ക് അർഹരാകുന്നതാണ്.

vii) ഡയറക്ട് പേയ്മെന്റ് സിസ്റ്റത്തിന്റെ പരിധിയിൽ വരാത്ത എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ എല്ലാ അധ്യാപക അധ്യാപകേതര ജീവനക്കാരും.

viii) ശ്രീചിത്രാ ഹോമിലെ ജീവനക്കാർ.

ix) സർക്കാർ ആയുർവേദ കോളേജിലെ ' ഹോണററി ഫിസിഷ്യൻമാർ'.

x) സർക്കാർ ആശുപത്രികളിലെ ' ഹോണററി 'സിസ്റ്റർമാർ.

xi) റവന്യൂ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചെയിന്മാൻമാർ.

xii) സർക്കാർ വകുപ്പുകളിലെ സ്ഥിരം ലേബർമാർ.

xiii) വിവിധ സർക്കാർ വകുപ്പുകൾ, ലോക്കൽ ബോഡീസ് എന്നിവയിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ, ന്യൂഡൽഹി കേരള ഹൗസിലെ കരാർ തൊഴിലാളികൾ എന്നിവർ. ഇവരിൽ 31.03.2017-ന് ആറുമാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് ബോണസോ പ്രത്യേക ഉത്സവബത്തയോ ഏതെങ്കിലും ഒന്ന് അവകാശപ്പെടാവുന്നതാണ്.

xiv) കേരള സീരീസിലെ ഇന്ത്യൻ നിയമ റിപ്പോർട്ടുകളുടെ എഡിറ്റർമാർ, റിപ്പോർട്ടർമാർ.

xv) ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ.

**7. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് 1,210/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i) കൃഷി വകുപ്പിന്റെ പട്ടികയിലുള്ള പോളിനേഷൻ വർക്കർമാർ, കൃഷി വകുപ്പിന്റെ പട്ടികയിൽപ്പെട്ടതും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കി വരുന്ന ' സ്പ്രേയിംഗ് ടു കൺട്രോൾ ലീഫ് റോട്ട് ഡിസീസ് ഓഫ് കോക്കനട്ട് പാംസ്' എന്ന പദ്ധതിയിൽ കൃഷി വകുപ്പിന്റെ നിർദ്ദേശ

പ്രകാരം ലോക്കൽ ബോഡികളിൽ ഇപ്പോൾ ജോലി നോക്കുന്ന വർക്കർമാർ.

ii) ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്മാർ.

iii) പബ്ലിക് കൗൺസൽ.

iv) വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകൾ.

v) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ള കുടുംബാസൂത്രണ വോളണ്ടറി വർക്കർമാർ, ട്രെയിൻഡ് ഡയസ് വിഭാഗത്തിലെ കുടുംബാസൂത്രണ വോളണ്ടറി പ്രൊമോട്ടർമാരിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.

vi) പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.റ്റി.പ്രൊമോട്ടർമാർ, പട്ടികജാതി വികസന വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.സി.പ്രൊമോട്ടർമാർ.

vii) ഒന്നാം ഓണത്തിനുമുമ്പ് (03.09.2017) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിനുമുമ്പ് (06.09.2017) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ.

viii) ആഭ്യന്തര വകുപ്പിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള ഹോം ഗാർഡുമാർ.

ix) റഗുലർ ജീവനക്കാർക്കു പകരക്കാരായി സർക്കാർ വകുപ്പുകൾ, ഫാമുകൾ, ലോക്കൽ ബോഡികൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന വ്യക്തികൾ,ജലസേചന വകുപ്പിൽ ഉൾപ്പെടെയുള്ള കാഷ്വൽ ലേബർമാർ/ സി.എൽ.ആർ. വർക്കർമാർ/ ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കർമാർ എന്നിവർ കഴിഞ്ഞ വർഷം അതായത് കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ, എന്നിരുന്നാലും, ഈ കാലയളവിൽ കുറഞ്ഞത് 200 ദിവസം ജോലി ചെയ്ത വ്യക്തികൾക്കും ബോണസായി 30 ദിവസത്തെ വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 200 ദിവസത്തിൽ കുറവും 30 ദിവസത്തിൽ കൂടുതലും ജോലി ചെയ്തിട്ടുള്ള ജീവനക്കാർക്ക് അവർ ജോലി ചെയ്ത ദിവസത്തിന് ആനുപാതികമായി 1,210/- രൂപയിൽ കുറയാത്ത തുക ബോണസായി നൽകുന്നതായിരിക്കും. എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടുള്ള കാഷ്വൽ ലേബർമാർ/സി.എൽ.ആർ വർക്കർമാർ/ എച്ച്.ആർ.വർക്കർമാർ എന്നിവരുടെ കാര്യത്തിൽ ബോണസിനുള്ള അർഹതാകാലയളവ് കണക്കാക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്കുപരിയായി

സേവനം ക്രമപ്പെടുത്തുന്നതിന് മുമ്പുള്ള കാലയളവും ഉൾപ്പെടുത്തുന്നതാണ്. എന്നിരുന്നാലും, ബോണസിന് അനുവദനീയമായ പരമാവധി തുക 4,000/- ആയിരിക്കും.

x) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി നോക്കിയിട്ടുള്ളതും എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടില്ലാത്തതുമായ സി.എൽ.ആർ/ എച്ച്.ആർ. വർക്കർമാർ.

xi) അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലെ വോളണ്ടിയർമാർ.

xii) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 200 മണിക്കൂറെങ്കിലും ജോലി ചെയ്തിട്ടുള്ള ഗസ്റ്റ് ലക്ചർമാർ/ഇൻസ്ട്രക്ടർമാർ.

xiii) കുഷ്ഠരോഗ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന രോഗബാധിതരായ ജീവനക്കാർ.

**8. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് 1,200/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i. ആശാ വർക്കർമാർ

ii. സാമൂഹിക നീതി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള അംഗൻവാടി, ബാലവാടി അധ്യാപകർക്കും പ്രവർത്തകർക്കും.

Iii. അംഗൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ.

iv. വനിതാ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരെ സഹായിക്കുന്ന മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ.

v. കിഷോരി ശക്തി യോജന സ്കൂൾ കൗൺസിലർമാർ

vi. പാലിയേറ്റീവ് കെയർ നഴ്സുമാർ.

Vii. ബഡ്സ് സ്കൂൾ അധ്യാപകരും ജീവനക്കാരും.

**9. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് അതാത് വിഭാഗത്തിനു നേരെ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

| | വിഭാഗം | തുക (രൂപയിൽ) |
|---|---|---|
| i. | ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ. | 1,300/- |
| ii. | വിദ്യാലയങ്ങളിലെ (പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണ തൊഴിലാളികൾ. | 1,300/- |
| iii. | സ്കൂൾ കൗൺസിലർമാർ | 1,140/- |
| iv. | എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ് | 1,100/- |
| v. | പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അധ്യാപകർ, ആയമാർ | 1,100/- |
| vi. | പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ | 1,000/- |
| vii. | അംഗൻവാടി/ബാലവാടി കൺവീനർമാർ, ഗ്രാമവികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ. | 1,000/- |
| viii. | ഏകീകൃത ( consolidated) വേതനം ലഭിക്കുന്ന സ്വീപ്പർമാർ | 1,000/- |
| ix. | ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ | 1,000/- |
| x. | സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ. | 1,000/- |
| xi. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ. | 1,100/- |

**10. താഴെപ്പറയുന്ന വിഭാഗം പെൻഷൻകാർക്ക് 1,000/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i. മുകളിൽ 3 ഉം 6 ഉം ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ബോണസ്/ ഉത്സവബത്തയ്ക്ക് അർഹതയില്ലാത്ത സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ.

ii. കുടുംബപെൻഷൻകാർ

iii. പ്രോ-റേറ്റാ പെൻഷൻകാർ

iv. പ്രോ-റേറ്റാ കുടുംബപെൻഷൻകാർ

v. എക്സ്ഗ്രേഷ്യാ പെൻഷൻകാർ

vi. എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻകാർ

vii. പാർട്ട്ടൈം കണ്ടിജന്റ് പെൻഷൻകാർ

viii. പാർട്ട്ടൈം കണ്ടിജന്റ് കുടുംബപെൻഷൻകാർ

ix. പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ

x. പേഴ്സണൽ സ്റ്റാഫ് കുടുംബപെൻഷൻകാർ

xi. കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ

xii. സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ

**കുറിപ്പ്:-** മുകളിൽ ഖണ്ഡിക 10-ലെ i മുതൽ xii വരെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള പെൻഷണർക്ക് പ്രത്യേക ഉത്സവബത്തയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളു.

## 11. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് ബോണസ് / പ്രത്യേക ഉത്സവബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

i) മറ്റേതെങ്കിലും ബോണസ് ആക്ട് / ആക്ടിന്റെ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾക്കോ യോഗ്യരായിട്ടുള്ളവർ.

ii) 31.03.2017-ൽ കേരള സർവീസ് റൂൾസിലെ അപ്പെന്റിക്സ് XII പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ " ജോയിനിംഗ് സ്പൗസ് " എന്നതിനോ ശൂന്യവേതനാവധിയിലായിരുന്നവർ.

**12.** 31.03.2018 -ന് മുമ്പ് ബോണസ് / പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്. അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും / വേതനം/ പെൻഷൻ എന്നിവ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്നുതന്നെ ഈ ഇനത്തിലുള്ള ചെലവും വഹിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോണസ് /പ്രത്യേക ഉത്സവബത്തയിനത്തിലുള്ള ചെലവ് അതാത് തദ്ദേശ സ്ഥാപനങ്ങൾ, ശമ്പളം/വേതനം നൽകുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

13. ജീവനക്കാരുടെയും പെൻഷൻകാരുടെയും 2016-17-ലെ ബോണസ്/പ്രത്യേക ഉത്സവബത്തയുടെയും വിതരണം **23.08.2017** തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ബിശ്വനാഥ് സിൻഹ ഐ.എ.എസ്**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി**

**പകർപ്പ്:-**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ഇ ആന്റ് ആർ.എസ്.എ)കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരളം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ. ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് ( എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തിരുവനന്തപുരം.
റീജിയണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം, എറണാകുളം.
അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.
സീനിയർ മാനേജർ, സർക്കിൾ ഓഫീസ് ( അനക്സ്), കാനറാ ബാങ്ക്, തിരുവനന്തപുരം.

ചീഫ് റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.
മാനേജർ, സോണൽ ഓഫീസ്, ഇൻഡ്യൻ ബാങ്ക്, എം.ജി.റോഡ്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ട്രഷറീസ്, കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തമിഴ്നാട്, ചെന്നൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ആന്ധ്രാപ്രദേശ്, ഹൈദരാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കർണ്ണാടക, ബാംഗ്ലൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മഹാരാഷ്ട്ര, മുംബൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),രാജസ്ഥാൻ, ജയ്പ്പൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മിസോറാം, ഐസ്വാൾ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഗുജറാത്ത്, അഹമ്മദാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഹരിയാന, ചണ്ഡീഗഡ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ജമ്മു & കാശ്മീർ, ശ്രീനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),അരുണാചൽ പ്രദേശ്, ഇറ്റാനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഗോവ, പനാജി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഹിമാചൽ പ്രദേശ്, സിംല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മധ്യപ്രദേശ്, ഗ്വാളിയർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഒറീസ്സ, ഭുവനേശ്വർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഉത്തർപ്രദേശ്, അലഹബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ബീഹാർ, പാറ്റ്ന.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),പശ്ചിമ ബംഗാൾ, കൊൽക്കത്ത.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഉത്തരാഞ്ചൽ, ഡെറാഡൂൺ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മണിപ്പൂർ, ഇംഫാൽ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ത്രിപുര, അഗർത്തല.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഛത്തീസ്ഗഡ്, റായ്പ്പൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),നാഗാലാന്റ്, കൊഹിമ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),സിക്കിം, ഗാങ്ടോക്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), മേഘാലയ, ഷില്ലോങ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഝാർഖണ്ഡ്, റാഞ്ചി
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
നോഡൽ ഓഫീസർ, ധനകാര്യം
കരുതൽ കോപ്പി/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പാർട്ട്ടൈം കണ്ടിജന്റ് എംപ്ലോയീസ്, എൻ.എം.ആർ/സി.എൽ.ആർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും - 2017-ലെ ഓണം അഡ്വാൻസ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**ധനകാര്യ ( ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി) നം. 108/2017/ധന തിരുവനന്തപുരം,തീയതി 16/08/2017**

---

പരാമർശം:- 01.09.2016-ലെ സ.ഉ.(അച്ചടി) നമ്പർ 129/2016/ധന.

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2017-ലെ ഓണം അഡ്വാൻസായി 15,000/- രൂപ ( പതിനയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. അഡ്വാൻസായി കുറഞ്ഞ തുക ആവശ്യമുള്ള ജീവനക്കാർക്ക് ആയിരത്തിന്റെ ഗുണിതങ്ങളായ തുകയായും പരമാവധി 15,000/- രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് നൽകാവുന്നതാണ്. അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും അഞ്ച് തുല്യമാസ ഗഡുക്കളായി 2017 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതുമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 250(1)-ലെ 1 മുതൽ 3 വരെ കുറിപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി താഴെപ്പറയുന്ന ജീവനക്കാർക്ക് 5,000/- രൂപ ( അയ്യായിരം രൂപ മാത്രം) നിരക്കിൽ ഓണം അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുന്നു.

1. പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ.
2. എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ / സി.എൽ.ആർ/ സീസണൽ വർക്കർമാർ/ കൃഷി ഫാമുകളിലെ സ്ഥിരം വർക്കർമാർ.
3. സർക്കാർ വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ.
4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റീജിയണൽ വർക്ക്ഷോപ്പുകളിലെ വർക്കർമാർ, ആലപ്പുഴയിലെ ഡ്രെഡ്ജർ ആന്റ് ഡ്രൈ-ഡോക്കിലെ വർക്കർമാർ.

5. കുടുംബാസൂത്രണ വോളണ്ടിയർ വർക്കർമാർ.

6. അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ.

7. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവിടങ്ങളിലെ സ്ഥിരം അല്ലാത്ത വർക്കർമാർ, ബന്ധപ്പെട്ട ലോക്കൽ ബോഡികൾ, കൃഷി വകുപ്പ് എന്നിവിടങ്ങളിലെ കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാർ.

8. മൗണ്ടഡ് പോലീസ് വിംഗിലെ ഗ്രാസ്സ് കട്ടർമാർ.

തൊഴിലാളികൾക്ക് നാളിതുവരെ അനുവദിച്ച എല്ലാ അഡ്വാൻസുകളും പൂർണമായും തിരികെ ഈടാക്കിയിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലേബർ യൂണിയന്റെ ഉറപ്പിന്മേൽ സ്ഥിരം ജോലിക്കാരുടെയോ സ്ഥിരമല്ലാത്ത ജോലിക്കാരുടെയോ കൂട്ടുത്തരവാദിത്വത്തിലായിരിക്കണം ഓരേ ഫാമിലെ തന്നെ ജോലിക്കാർക്ക് അഡ്വാൻസ് അനുവദിച്ച നൽകേണ്ടത്.

അഡ്വാൻസ് തിരിച്ചടവ് കാലയളവിൽ അതാത് ഫാം/ലോക്കൽ ബോഡിയിൽത്തന്നെ ജോലിയിൽ തുടരും എന്നുറപ്പുള്ള ജോലിക്കാർക്ക് മാത്രം അഡ്വാൻസ് അനുവദിക്കേണ്ടതാണ്. കോക്കനട്ട് സ്പ്രേയിംഗ് വർക്കർമാരുടെ അഡ്വാൻസ് തിരിച്ചടവ് നടത്തേണ്ടത് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ അതാത് ലോക്കൽ ബോഡികളായിരിക്കും.

ലോക്കൽ ബോഡികളിലെ അതാത് മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിലെ സമാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ലോക്കൽ ബോഡികളുടെ സാമ്പത്തികശേഷിയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് അഡ്വാൻസ് അനുവദിക്കുന്ന കാര്യം ബന്ധപ്പെട്ട ലോക്കൽ ബോഡികൾക്ക് തന്നെ തീരുമാനിക്കാവുന്നതാണ്.

മുകളിൽ 1 മുതൽ 7 വരെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അഞ്ച് തുല്യ മാസ ഗഡുക്കളായും ആഴ്ചതോറും വേതനം കൈപ്പറ്റുന്ന എട്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 21 ആഴ്ച ഗഡുക്കളായും അഡ്വാൻസ് തുക തിരിച്ച് പിടിക്കേണ്ടതാണ്.

23.08.2017 മുതൽ അഡ്വാൻസ് തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്. ഓണത്തിനുശേഷം ഓണം അഡ്വാൻസ് അനുവദിക്കാൻ പാടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ബിശ്വനാഥ് സിൻഹ ഐ.എ.എസ്**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഇ ആന്റ് ആർ.എസ്.എ)കേരളം, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീൽണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർക്ക്.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരള, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യം.
കരുതൽ കോപ്പി/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-08-2017

FINANCE DEPARTMENT
E - OFFICE
Receipt E - No 1727133/2017/ACS Fin

ഇനം നം: 1342
O.A.

വിഷയം : ധനകാര്യ വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2016-17 ലെ ബോണസ് / പ്രത്യേക ഉത്സവബത്ത / ഓണം അഡ്വാൻസ് എന്നിവ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

OA 1342
09.08.2017

രഹസ്യം

ഫയൽ നം. ലോൺസ്1/151/17/ധന ( ഇ.നം. 520672)

ധനകാര്യ (ലോൺസ്) വകുപ്പ്
തിരുവനന്തപുരം.

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2016-17-ലെ ബോണസ്/പ്രത്യേക ഉത്സവബത്ത/ഓണം അഡ്വാൻസ് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്.

1. **ആമുഖം** :-

1.1 മന്ത്രിസഭാ യോഗത്തിനുള്ള ഈ കുറിപ്പ് 2016-17 വർഷത്തെ ബോണസ്/ പ്രത്യേക ഉത്സവബത്ത/ഓണം അഡ്വാൻസ് എന്നിവ സംസ്ഥാന സർക്കാർ ജീവനക്കാർക്കും മറ്റ് അർഹരായ ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ചതാണ്.

1.2 ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് അനുസരിച്ചാണ് മന്ത്രിസഭാ യോഗത്തിനു മുന്നിൽ ഈ കുറിപ്പ് സമർപ്പിക്കുന്നത്.

2. **പശ്ചാത്തലം** :-

2.1 എല്ലാ വർഷവും ഓണത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സർക്കാർ ബോണസും പ്രത്യേക ഉത്സവബത്തയും ഓണം അഡ്വാൻസും നൽകി വരുന്നുണ്ട്. ഈ വർഷവും മേൽപ്പടി ആനുകൂല്യങ്ങൾ നൽകാൻ നിർദ്ദേശിച്ചിരിക്കുന്നു.

2.2 കഴിഞ്ഞ വർഷം ( 2015-16)ൽ ആകെ ശമ്പളം 22,000/- രൂപ വാങ്ങുന്ന ജീവനക്കാർക്ക് 3,500/- രൂപ ബോണസായി അനുവദിക്കുകയുണ്ടായി. 22,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്നവർക്ക് പ്രത്യേക ഉത്സവബത്തയായി 2,400/- രൂപയും അനുവദിച്ചിരുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട പെൻഷൻകാർക്കും 1,000/- രൂപയുടെ ഉത്സവബത്ത അനുവദിച്ചിരുന്നു. ഇത് കൂടാതെ വിവിധ സർക്കാർ/ സർക്കാർ അധീനതയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ/ സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ,

സൊസൈറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് 1,000/-ത്തിനും 1,200/- രൂപയ്ക്കുമിടയിൽ ഉത്സവബത്ത നൽകിയിരുന്നു. കഴിഞ്ഞ വർഷം ഉത്സവബത്തയ്ക്ക് അർഹരായ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെയും പെൻഷൻകാരുടെയും പട്ടിക താഴെ ~~അനുബന്ധം-1 ആയി~~ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാർ | തുക |
|---|---|---|
| 1 | പോളിനേഷൻ വർക്കർമാർ | 1110 |
| 2 | ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ | 1110 |
| 3 | പബ്ലിക് കൗൺസൽ | 1110 |
| 4 | വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ | 1110 |
| 5 | കുടുംബാസൂത്രണ പ്രവർത്തകർ | 1110 |
| 6 | പട്ടിക വർഗ്ഗ/ പട്ടിക ജാതി വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.ടി/എസ്.സി പ്രൊമോട്ടർമാർ. | 1110 |
| 7 | ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ. | 1110 |
| 8 | ആഭ്യന്തര വകുപ്പിലെ ദിവസവേതന ഹോം ഗാർഡ്സ്. | 1110 |
| 9 | സാധാരണ ജീവനക്കാർക്കു പകരക്കാരായ പ്രവർത്തകർ ( എച്ച്.ആർ/ സി.എൽ.ആർ വർക്കേഴ്സ് ഉൾപ്പെടെ) | 1110 |
| 10 | സ്ഥിരപ്പെടുത്താത്ത സി.എൽ.ആർ/ എച്ച്.ആർ വർക്കർമാർ. | 1110 |
| 11 | അട്ടപ്പാടി മലയോര വികസന സൊസൈറ്റിയിലെ പ്രവർത്തകർ | 1110 |
| 12 | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗസ്റ്റ് ലക്ചർമാർ/ ഇൻസ്ട്രക്ടർമാർ. | 1110 |
| 13 | കുഷ്ഠരോഗ ആശുപത്രികളിലെ രോഗ ബാധിതരായ ജീവനക്കാർ. | 1110 |
| 14 | സ്കൂൾ കൗൺസിലേഴ്സ് | 1040 |
| 15 | ആശാ പ്രവർത്തകർ | 1100 |
| 16 | അംഗൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ | 1100 |
| 17 | അംഗൻവാടി/ ബാലവാടി കൺവീനർമാർ, ഗ്രാമ വികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ | 870 |
| 18 | നിശ്ചിത വേതനം ലഭിക്കുന്ന സ്വീപ്പർമാർ | 870 |
| 19 | ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ | 750 |
| 20 | സർവ്വീസ് പെൻഷൻകാർ | 870 |

| | | |
|---|---|---|
| 21 | പ്രോ റേറ്റാ പെൻഷൻകാർ | 800 |
| 22 | പ്രോ റേറ്റാ കുടുംബ പെൻഷൻകാർ | 800 |
| 23 | കുടുംബ പെൻഷൻകാർ | 750 |
| 24 | സമാശ്വാസ പെൻഷൻകാർ | 750 |
| 25 | പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ | 750 |
| 26 | പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ | 750 |
| 27 | പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ | 750 |
| 28 | പാർട്ട് ടൈം കണ്ടിജന്റ് കുടുംബ പെൻഷൻകാർ | 680 |
| 29 | സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ | 750 |
| 30 | കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ | 680 |
| 31 | മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ | 1100 |
| 32 | കിഷോരി ശക്തി യോജന സ്കൂൾ കൗൺസിലർമാർ | 1100 |
| 33 | പാലിയേറ്റീവ് കെയർ നഴ്സുമാർ | 1100 |
| 34 | ബഡ്സ് സ്കൂൾ അധ്യാപകരും ജീവനക്കാരും. | 1100 |
| 35 | ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ. | 1200 |
| 36 | പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അധ്യാപകർ, ആയമാർ | 1000 |
| 37 | വിദ്യാലയങ്ങളിലെ (പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണതൊഴിലാളികൾ | 1200 |
| 38 | എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ് | 1000 |
| 39 | പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ | 900 |
| 40 | സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ | 700 |
| 41 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ | 1000 |

## 3. ശിപാർശ:-

3.1 2016-17 സാമ്പത്തിക വർഷത്തെ ബോണസ് /പ്രത്യേക ഉത്സവബത്തയും താഴെപ്പറയും പ്രകാരം അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

3.1.1 അഡ്ഹോക്ക് ബോണസ് ലഭിക്കുന്നതിനുള്ള ശമ്പള പരിധി പുതുക്കിയ സ്കെയിലിൽ 22,000/- രൂപയിൽ നിന്ന് 24,000/- രൂപയായും പഴയ സ്കെയിലിൽ 21,000/- രൂപയിൽ നിന്നും 23,000/- രൂപയായും വർദ്ധിപ്പിക്കാവുന്നതാണ്.

3.1.2 പരിഷ്കരിച്ച സ്കെയിൽ പ്രകാരവും പഴയ സ്കെയിൽ പ്രകാരവും അർഹരായവർക്ക് 3,500/- രൂപയിൽ നിന്നും 4,000/- രൂപയായി ബോണസ് ഉയർത്താവുന്നതാണ്.

3.1.3 ഖണ്ഡിക 3.1.1, 3.1.2 പ്രകാരം ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്തയായി കഴിഞ്ഞ വർഷം നൽകിയ 2,400/- രൂപയിൽ നിന്നും 2,750/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്.

3.1.4 കഴിഞ്ഞ വർഷം 1,000/- രൂപയ്ക്ക് താഴെ ഉത്സവബത്ത ലഭിച്ചിരുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട പെൻഷൻകാർക്കും 1,000/- രൂപ പ്രത്യേക ഉത്സവബത്തയായി ഈ വർഷം നൽകാവുന്നതാണ്.

3.1.5 1,000/-ത്തിനും 1,200/- രൂപയ്ക്കുമിടയിൽ കഴിഞ്ഞ വർഷം ഉത്സവബത്ത ലഭിച്ചിരുന്ന വിവിധ സർക്കാർ/ സർക്കാർ അധീനതയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ/ സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സൊസൈറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ഈ വർഷം 100/- രൂപ അധികം നൽകാവുന്നതാണ്.

3.1.6 നാളിതുവരെ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻകാർക്ക് ഉത്സവബത്ത അനുവദിച്ചിരുന്നില്ല. ഈ വർഷം ഈ വിഭാഗത്തിന് 1,000/- രൂപ ഉത്സവബത്തയായി അനുവദിക്കാവുന്നതാണ്.

3.1.7 ഉത്സവബത്തയ്ക്ക് അർഹരായ ജീവനക്കാരുടെയും പെൻഷൻകാരുടെയും പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാർ | ഈ വർഷം നൽകേണ്ട തുക ( പഴയ നിരക്കി ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു) |
|---|---|---|
| 1 | പോളിനേഷൻ വർക്കർമാർ | 1210 (1110) |
| 2 | ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ | 1210 (1110) |
| 3 | പബ്ലിക് കൗൺസൽ | 1210 (1110) |
| 4 | വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ | 1210 (1110) |
| 5 | കുടുംബാസൂത്രണ പ്രവർത്തകർ | 1210 (1110) |

| | | |
|---|---|---|
| 6 | പട്ടിക വർഗ്ഗ/ പട്ടിക ജാതി വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.ടി/എസ്.സി പ്രൊമോട്ടർമാർ. | 1210 (1110) |
| 7 | ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ. | 1210 (1110) |
| 8 | ആഭ്യന്തര വകുപ്പിലെ ദിവസവേതന ഹോം ഗാർഡ്സ്. | 1210 (1110) |
| 9 | സാധാരണ ജീവനക്കാർക്കു പകരക്കാരായ പ്രവർത്തകർ ( എച്ച്.ആർ/ സി.എൽ.ആർ വർക്കേഴ്സ് ഉൾപ്പെടെ) | 1210 (1110) |
| 10 | സ്ഥിരപ്പെടുത്താത്ത സി.എൽ.ആർ/ എച്ച്.ആർ വർക്കർമാർ. | 1210 (1110) |
| 11 | അട്ടപ്പാടി മലയോര വികസന സൊസൈറ്റിയിലെ പ്രവർത്തകർ | 1210 (1110) |
| 12 | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗസ്റ്റ് ലക്ചർമാർ/ ഇൻസ്ട്രക്ടർമാർ. | 1210 (1110) |
| 13 | കുഷ്ഠരോഗ ആശുപത്രികളിലെ രോഗ ബാധിതരായ ജീവനക്കാർ. | 1210 (1110) |
| 14 | സ്കൂൾ കൗൺസിലേഴ്സ് | 1140 (1040) |
| 15 | ആശാ പ്രവർത്തകർ | 1200 (1100) |
| 16 | അംഗൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ | 1200 (1100) |
| 17 | അംഗൻവാടി/ ബാലവാടി കൺവീനർമാർ, ഗ്രാമ വികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ | 1000 (870) |
| 18 | നിശ്ചിത വേതനം ലഭിക്കുന്ന സ്വീപ്പർമാർ | 1000 (870) |
| 19 | ആയുർവേദ ആശുപത്രികളിലെ കഷായ ജീവനക്കാർ | 1000 (750) |
| 20 | സർവ്വീസ് പെൻഷൻകാർ | 1000 (870) |
| 21 | പ്രോ റേറ്റാ പെൻഷൻകാർ | 1000 ( 800) |
| 22 | പ്രോ റേറ്റാ കുടുംബ പെൻഷൻകാർ | 1000 ( 800) |
| 23 | കുടുംബ പെൻഷൻകാർ | 1000 ( 750) |
| 24 | സമാശ്വാസ പെൻഷൻകാർ | 1000 ( 750) |
| 25 | പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ | 1000 (750) |
| 26 | പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ | 1000 (750) |
| 27 | പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ | 1000 (750) |
| 28 | പാർട്ട് ടൈം കണ്ടിജന്റ് കുടുംബ പെൻഷൻകാർ | 1000 ( 680) |
| 29 | സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠരോഗ ബാധിതരായ ജീവനക്കാർ | 1000 (750) |
| 30 | കമ്പാഷണേറ്റ് അലവൻസ് പെൻഷൻകാർ | 1000 ( 680) |
| 31 | മഹിളാ സമാഖ്യ സൊസൈറ്റിയിലെ പ്രത്യേക ദൂതന്മാർ | 1200 (1100) |
| 32 | കിഷോരി ശക്തി യോജന സ്കൂൾ കൗൺസിലർമാർ | 1200 (1100) |
| 33 | പാലിയേറ്റീവ് കെയർ നഴ്സുമാർ | 1200 ( 1100) |
| 34 | ബഡ്സ് സ്കൂൾ അധ്യാപകരും ജീവനക്കാരും. | 1200 (1100) |
| 35 | ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറിക് | 1300 (1200) |

| | | |
|---|---|---|
| | വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ. | |
| 36 | പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ ഓണറേറിയം പറ്റുന്ന അധ്യാപകർ, ആയമാർ | 1100 (1000) |
| 37 | വിദ്യാലയങ്ങളിലെ (പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ഉൾപ്പെടെ) ഉച്ചഭക്ഷണതൊഴിലാളികൾ | 1300 (1200) |
| 38 | എം.എൽ.എ മാരുടെ അഡീഷണൽ സ്റ്റാഫ് | 1100 (1000) |
| 39 | പ്രേരക്മാർ, അസിസ്റ്റന്റ് പ്രേരക്മാർ | 1000 ( 900) |
| 40 | സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ | 1000 (700) |
| 41 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങളിലെ അധ്യാപകർ | 1100 (1000) |
| 42 | * എക്സ് ഗ്രേഷ്യാ കുടുംബ പെൻഷൻകാർ | 1000 (പുതിയ വിഭാഗം) |

3.1.8. സർക്കാർ ജീവനക്കാർക്ക് 15,000/- രൂപ നിരക്കിലും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, എൻ.എം.ആർ. തൊഴിലാളികൾ തുടങ്ങി മറ്റുള്ളവർക്ക് 5,000/- രൂപ നിരക്കിലും പണം കൈപ്പറ്റി തൊട്ടടുത്തമാസം മുതൽ 5 തുല്യ തവണകളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ, കഴിഞ്ഞ വർഷം ഓണം അഡ്വാൻസ് അനുവദിച്ചിരുന്നു. ഈ വർഷവും കഴിഞ്ഞ വർഷം നൽകിയ അതേ നിരക്കിൽ ഓണം അഡ്വാൻസ് അനുവദിക്കാവുന്നതാണ്.

## 4. ന്യായീകരണം :-

4.1 സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചാണ് ഈ നിർദ്ദേശം .

## 5. സാമ്പത്തിക ബാദ്ധ്യത :-

5.1 ബോണസും മറ്റെല്ലാവിധ ഉത്സവബത്തകളും അനുവദിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ ( നോൺ പ്ലാൻ) ഏകദേശം 225 കോടി രൂപ അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നു.

## 6. തീരുമാനിക്കേണ്ട വിഷയം

6.1 ബോണസിന് അർഹരായ ജീവനക്കാരുടെ ആകെ വേതന പരിധി പുതുക്കിയ സ്കെയിലിൽ 24,000/- രൂപയായും പഴയ സ്കെയിലിൽ 23,000/- രൂപയുമായി ഉയർത്താമോ?

6.2 പുതിയ സ്കെയിലിലും പഴയ സ്കെയിലിലും ബോണസിന് അർഹരായ എല്ലാ ജീവനക്കാർക്കും 3,500/- രൂപയിൽ നിന്ന് 4,000/- രൂപയായി ഉയർത്താമോ?

6.3 ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്ത 2,400/- രൂപയിൽ നിന്നും 2,750/- രൂപയായി ഉയർത്താമോ?

6.4 എല്ലാ വിഭാഗത്തിൽപ്പെട്ട പെൻഷൻകാർക്കും നിലവിൽ നൽകി വരുന്ന ഉത്സവബത്ത 1,000/- രൂപയായി ഉയർത്താമോ?

6.5 ഖണ്ഡിക 3.1.7-ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം 1,000/-രൂപയ്ക്കും 1,200/- രൂപയ്ക്കുമിടയിൽ ഉത്സവബത്ത ലഭിച്ചിരുന്ന മറ്റ് വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർക്ക് 100/- രൂപ ഉത്സവബത്തയിനത്തിൽ കൂട്ടി നൽകാമോ?

6.6 എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻകാർക്ക് 1,000/- രൂപ നിരക്കിൽ ഉത്സവബത്ത നൽകാമോ?

6.7 സർക്കാർ ജീവനക്കാർക്ക് 15,000/- രൂപ നിരക്കിലും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, എൻ.എം.ആർ. തൊഴിലാളികൾ തുടങ്ങി മറ്റു വിഭാഗക്കാർക്കും 5,000/- രൂപ നിരക്കിലും, 2017 ഒക്ടോബർ മുതൽ 5 തുല്യ തവണകളായി തിരിച്ചുപിടിക്കണമെന്ന വ്യവസ്ഥയിൽ ഓണം അഡ്വാൻസ് നൽകാവുന്നതാണോ?